"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വിജിലൻസ് വകുപ്പ്-കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ആർ.ടി.ഒ ചെക്ക് പോസ്റ്റിൽ നടത്തിയ മിന്നൽ പരിശോധന SC 79/2022-വിജിലൻസ് ട്രിബ്യൂണൽ മുഖേന അന്വേഷണം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിജലൻസ്(എ) വകുപ്പ്**

സ.ഉ.(സാധാ) നം.120/2025/VIG തീയതി,തിരുവനന്തപുരം, 14-07-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 28/04/2023 തീയതിയിലെ ഇ18-(എസ്.സി-79/2022/(ഡി.വി.എ.സി.ബി) നം കത്ത്.
2. 11/06/2024 തീയതിയിലെ എ3/138/2023/വിജി നം കുറ്റാരോപണ മെമ്മോ.
3. 19/06/2024 തീയതിയിൽ ട്രാൻസ്പോർട്ട് കമ്മീഷണർക്ക് നൽകിയ എ3/138/2023/വിജി നം കത്ത്.
4. ശ്രീ.അജിത്കുമാർ.എൻ സമർപ്പിച്ച 23/07/2024-ലെ പ്രതിവാദ പത്രിക.
5. 25/10/2024 തീയതിയിലെ ട്രാൻസ്പോർട്ട് കമ്മീഷണറുടെ ജി1/80/2024/റ്റി.സി നം കത്ത്.

<u>ഉത്തരവ്</u>

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ആർ.ടി.ഒ ചെക്ക് പോസ്റ്റിൽ ഡ്യൂട്ടി ചെയ്തിരുന്ന അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ശ്രീ. അജിത്കുമാർ.എൻ അന്തർ സംസ്ഥാന ലോറി ഡ്രൈവർമാരിൽ നിന്നും കൈക്കൂലി പണം കൈപ്പറ്റി വാഹനങ്ങൾ കടത്തി വിടുന്നു എന്നും മറ്റുമുള്ള ആരോപണം സംബന്ധിച്ച് ലഭിച്ച ഉറവിട വിവരത്തിന്റെ അടിസ്ഥാനത്തിൽ 17-09-2022 തീയതിയിൽ ടി ചെക്ക് പോസ്റ്റിൽ പരിശോധന നടത്തി പരാർശം (1) പ്രകാരം വിജിലൻസ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2) മഞ്ചേശ്വരം ആർ.ടി.ഒ ചെക്ക് പോസ്റ്റിൽ AMVI ശ്രീ.അജിത്ത് കുമാർ.എൻ ഡ്യൂട്ടി ചെയ്യു വരവെ കണക്കിൽപ്പെടാത്ത 2000/- രൂപ ക്യാഷ് കൗണ്ടറിൽ കാണപ്പെടുകയും ബന്തവസ്സിലെടുക്കുകയുമുണ്ടായി. കൂടാതെ അനധികൃതമായി പിരിച്ചെടുത്ത 3000/- രൂപ ഏജന്റ് മുഖാന്തിരം കൈമാറ്റം ചെയ്യുന്നതായും മഞ്ചേശ്വരം ചെക്ക് പോസ്റ്റിൽ ഏജന്റുമാരെ ഉപയോഗപ്പെടുത്തി ചെക്ക് പോസ്റ്റ് വഴി കടന്നു പോകുന്ന വാഹനങ്ങളുടെ ഡ്രൈവർമാരിൽ നിന്നും അനധികൃതമായി പണം പിരിച്ചെടുക്കുന്നതായി കാണപ്പെട്ടു.ചെക്ക് പോസ്റ്റ് വഴി കടന്നു പോകുന്ന അമിത ഭാരം കയറ്റിയ ലോറികളടക്കം വിശദമായ പരിശോധനയ്ക്ക് വിധേയമാക്കാതെ കടത്തിവിടുന്നതായും ചെക്ക് പോസ്റ്റിലെ Weighing Machine പ്രവർത്തനരഹിതമായും കാണപ്പെട്ടു. ഡ്യൂട്ടി രജിസ്റ്റർ പ്രകാരം ചെക്ക് പോസ്റ്റിൽ ഡ്യൂട്ടിയിലുണ്ടാകേണ്ട MVI ശ്രീ. രൺദീപ് എന്നിവർ ഹാജരില്ലാത്തതായും മിന്നൽ പരിശോധനയിൽ കണ്ടെത്തി.

3) <u>ആരോപണ വിധേയരായ ഉദ്യോഗസ്ഥർ താഴെപ്പറയുന്നവരായിരുന്നു.</u>

1. ശ്രീ.രൺദീപ്, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, മഞ്ചേശ്വരം അർ.ടി.ഒ ചെക്ക് പോസ്റ്റ്

2. ശ്രീ.അജിത്ത് കുമാർ.എൻ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ,മഞ്ചേശ്വരം ആർ.ടി.ഒ ചെക്ക് പോസ്റ്റ്

4) ക്രമക്കേടിന് ഉത്തരവാദിയായ AMVI ശ്രീ. അജിത്ത് കുമാർ എൻ-നെതിരെ ട്രിബ്യൂണൽ എൻക്വയറി നടത്തുന്നതിനും മഞ്ചേശ്വരം ആർ.ടി.ഒ. ചെക്ക് പോസ്റ്റിൽ അനധികൃതമായ നടക്കുന്ന പണപ്പിരിവ് ഇല്ലാതാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നല്കുന്നതിനും ക്രമക്കേടിന് ഉത്തരവാദിയായ ശ്രീ.രൺദീപ്, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ-ന് എതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും അന്തർ സംസ്ഥാന RTO ചെക്ക് പോസ്റ്റായ മഞ്ചേശ്വരം ചെക്ക് പോസ്റ്റിൽ Weighing Machine സ്ഥാപിക്കുന്നതിനും സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിനും, ഉണ്ണ എന്ന ഏജന്റിനെ അടിയന്തിരമായി ചെക്ക് പോസ്റ്റിൽ നിന്നും മാറ്റി നിർത്തുന്നതിനും ഏജന്റുമാരുടെ സാന്നിദ്ധ്യം നിർത്തലാക്കുന്നതിനും മുമ്പ് നടത്തിയ മിന്നൽ പരിശോധനകളുടെ അടിസ്ഥാനത്തിൽ ആർ.ടി.ഒ. കാസർഗോഡിന് നിർദ്ദേശം നൽകിയിട്ടും ഉണ്ണ എന്ന ഏജന്റ് ചെക്ക് പോസ്റ്റിൽ പ്രവർത്തിച്ചു വരുന്നതായി കാണുന്നതിനാൽ ആയതിന് കാസർഗോഡ് ആർ.ടി.ഒ. യിൽ നിന്നും വിശദീകരണം വാങ്ങി ഉചിതമായ നടപടി സ്വീകരിക്കുന്നതിനും വിജിലൻസ് ഡയറക്ടർ പരാമർശം (1) പ്രകാരം ശിപാർശ ചെയ്തിരുന്നു.

5) സർക്കാർ വിഷയം പരിശോധിക്കുകയും വിജിലൻസ് ഡയറക്ടറുടെ ശിപാർശ അംഗീകരിച്ചതിൻ പ്രകാരം ശ്രീ.രൺദീപ്, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ-ന് എതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും

അന്തർ സംസ്ഥാന RTO ചെക്ക് പോസ്റ്റായ മഞ്ചേശ്വരം ചെക്ക് പോസ്റ്റിൽ Weighing Machine സ്ഥാപിക്കുന്നതിനും സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിനും ഉണ്ണ എന്ന ഏജന്റിനെ അടിയന്തിരമായി ചെക്ക് പോസ്റ്റിൽ നിന്നും മാറ്റി നിർത്തുന്നതിനും കാസർഗോഡ് ആർ.ടി.ഒ. യിൽ നിന്നും വിശദീകരണം വാങ്ങി ഉചിതമായ നടപടി സ്വീകരിക്കുന്നതിലേക്കുമായി ഗതാഗത വകുപ്പിന് നിർദേശം നൽകുകയുണ്ടായി. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ അജിത്ത് കുമാർ.എൻ എന്ന ഉദ്യോഗസ്ഥനെതിരെ വിജിലൻസ് ട്രിബ്യൂണൽ അന്വേഷണം നടത്തുന്നതിന് താൽക്കാലിക തീരുമാനം കൈക്കൊള്ളുകയും അതനുസരിച്ച് പരാമർശം (2) പ്രകാരമുള്ള കുറ്റാരോപണ മെമ്മോ കുറ്റാരോപിതന് പരാമർശം (3) പ്രകാരം ഗതാഗത കമ്മീഷണർ മുഖേന നൽകുകയും ചെയ്തു.

6) പ്രസ്തുത കുറ്റപത്രത്തിൽ വിവരിച്ച ആരോപണങ്ങളെല്ലാം നിഷേധിച്ചുകൊണ്ട് പരാമർശം (4) പ്രകാരമുള്ള ടിയാന്റെ പ്രതിവാദപത്രിക പരാമർശം (5) പ്രകാരം ട്രാൻസ്പോർട്ട് കമ്മീഷണർ ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത വിഷയത്തിൽ ട്രാൻസ്പോർട്ട് കമ്മീഷണർ അഭിപ്രായമൊന്നും രേഖപ്പെടുത്തിയിരുന്നില്ല.

7) ശ്രീ. അജിത്ത്കുമാർ.എൻ സമർപ്പിച്ച പ്രതിവാദ പത്രികയിലെ വാദങ്ങൾ താഴെപ്പറയും പ്രകാരമാണ്.

" 17/9/2022 വൈകിട്ട് 7 മണിയോട് കൂടി വിജിലൻസ് സംഘം ടിയാൻ ജോലി ചെയ്യുകയായിരുന്ന മഞ്ചേശ്വരം ആർടിഒ ചെക്ക് പോസ്റ്റിൽ പരിശോധനയ്ക്കായി എത്തിയ സമയം ചെക്ക് പോസ്റ്റിൽ സൂക്ഷിച്ചിരുന്ന പണത്തിൽ യാതൊരു പൊരുത്തക്കേടും ഉണ്ടായിരുന്നില്ല. രാത്രി 10.20 മണിയോടുകൂടി വെഹിക്കിൾ മൂവ്മെന്റ് രേഖപ്പെടുത്താനായി KL57U3591 നമ്പർ വാഹനത്തിന്റെ ഡ്രൈവർ ശ്രീ. മുഹമ്മദ് അർഷാദ് ചെക്ക് പോസ്റ്റിലേക്ക് വരികയും വിജിലൻസ് ഉദ്യോഗസ്ഥർ ചെക്ക്പോസ്റ്റിലെ ക്യാഷ് കൗണ്ടറിന് പുറത്തുനിന്ന് അയാളുടെ പക്കലുള്ള വാഹനത്തിന്റെ രേഖകൾ പിടിച്ച് വാങ്ങുകയും അയാളുടെ കയ്യിൽ നിന്നും പണം വാങ്ങുകയും വാഹന രേഖകൾ ഞാൻ പരിശോധിക്കാൻ അനുവദിക്കാതെ അയാളെ പറഞ്ഞു വിടുകയും ചെയ്തു .അതിനുശേഷം 10:45 മണിയോടെ KA19AA7151 നമ്പർ വാഹനത്തിന്റെ ഡ്രൈവറായ ശ്രീ. ഉമ്മർ അബ്ബാ എന്നയാളുടെ കൈയ്യിൽ നിന്നും ഇതേ രീതിയിൽ പണം വാങ്ങി. ഇവരിൽ നിന്നും വിജിലൻസ് ഓഫീസർ ക്യാഷ് കൗണ്ടറിന് പുറത്തുനിന്നും വാങ്ങിയ പണം ടിയാനെ ഭീഷണിപ്പെടുത്തി മേശവലിപ്പിൽ കൊണ്ട് നിക്ഷേപിച്ച ശേഷം അടുത്ത റൂമിൽ ഇരിക്കുകയായിരുന്ന ഗസറ്റഡ് ഓഫീസറെ കൊണ്ടുവന്നു മേശവലിപ്പ് പരിശോധിച്ചു. ഇത് ഡ്രൈവർമാരിൽ നിന്നും സ്വീകരിച്ച പണം ആണെന്ന് ആരോപിക്കുകയും ചെയ്തു. ഈ വിവരങ്ങൾ മേല്പറഞ്ഞ ഡ്രൈവർമാർ ബഹു. ആർ ടി ഒ കാസർഗോഡ്-ന് മുൻപിൽ ഹാജരായി മൊഴി നൽകിയിട്ടുണ്ട്. കൂടാതെ ചെക്ക് പോസ്റ്റിന് സമീപം ഭക്ഷണം കഴിക്കാൻ സംവിധാനം ഇല്ലാത്തതിനാൽ ഭക്ഷണം കഴിക്കുന്നതിനായി ആശ്രയിച്ചിരുന്നത് ചെക്ക് പോസ്റ്റിൽ നിന്നും ഏകദേശം 8 കിലോമീറ്റർ ദൂരത്ത് താമസിക്കുന്ന ശ്രീ.

ഗുണകരഷെട്ടി എന്നയാളെയായിരുന്നു. അന്നേദിവസം ഭക്ഷണം തന്നശേഷം തിരിച്ചുപോയ അയാളെ വിജിലൻസ് പരിശോധന സംഘം ടിയാന്റെ ഓഫീസിലെ ഓഫീസ് അറ്റൻഡിനെ കൂട്ടി അയാളുടെ വീട്ടിൽ പോയി പിടിച്ചു അയാളുടെ പോക്കറ്റിൽ സൂക്ഷിച്ചിരുന്ന പണം എടുക്കുകയും തുടർന്ന് ചെക്ക് പോസ്റ്റിലെ തന്നെ മറ്റൊരു മുറിയിൽ വച്ച് വിജിലൻസ് ഓഫീസർ അയാളെ ഭീഷണിപ്പെടുത്തുകയും അയാളുടെ പോക്കറ്റിൽ നിന്നും കണ്ടെത്തിയ പണം ടിയാൻ കൊടുത്തതാണെന്ന് മൊഴി പറയാൻ നിർബന്ധിക്കുകയും ചെയ്തു. എന്നാൽ അയാൾ വ്യക്തിപരമായ ആവശ്യത്തിനായി സൂക്ഷിച്ച പണമാണെന്ന് ആവർത്തിച്ച് വ്യക്തമാക്കിയിട്ടും അവർ അത് കേൾക്കാൻ തയ്യാറായില്ല. ഈ വിവരങ്ങളെല്ലാം ടി ഡ്രൈവർമാരും, ശ്രീ. ഗുണകരഷെട്ടിയും ബഹുമാനപ്പെട്ട കാസർഗോഡ് ആർടിഒ-യുടെ മുന്നിൽ നൽകിയ മൊഴിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ വിവരങ്ങൾ എല്ലാം ടിയാൻ ഉചിത മാർഗ്ഗേണ ബഹുമാനപ്പെട്ട കാസർഗോഡ് ആർടിഒ-യെ രേഖാമൂലം അറിയിക്കുകയും ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് കമ്മിഷണറുടെ നിർദ്ദേശപ്രകാരം അദ്ദേഹം അന്വേഷണം നടത്തുകയും ശ്രീ. മുഹമ്മദ് അബ്ബാ, ശ്രീ. മുഹമ്മദ് അർഷാദ്, ശ്രീ. ഗുണകരപ്പെട്ടി എന്നിവരുടെ മൊഴിയെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ റിപ്പോർട്ട് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് കമ്മീഷണർക്ക് നൽകുകയും ചെയ്തിരുന്നു.

ആരുടെയോ കള്ള പരാതിയുടെ അടിസ്ഥാനത്തിൽ കെട്ടിച്ചമച്ച തെളിവുകൾ വിജിലൻസ് ഉദ്യോഗസ്ഥർ മനപ്പൂർവ്വം ഉണ്ടാക്കിയതാണെന്നും കുറ്റാരോപണത്തിൽ പറഞ്ഞിരിക്കുന്ന തെറ്റുകൾ ഒന്നും ചെയ്തിട്ടില്ല എന്നും ടിയാൻ നിരപരാധിയാണെന്നും ശ്രീ.അജിത്കുമാർ.എൻ ബോധിപ്പിച്ചിരുന്നു. "

8) ശ്രീ.അജിത്കുമാർ.എൻ സമർപ്പിച്ച പ്രതിവാദ പത്രികയിൽ ടിയാന്റെ ഭാഗം വ്യക്തമാക്കുന്നതിനും തന്നെ നേരിൽ കേൾക്കാൻ അവസരം നൽകണമെന്ന അപേക്ഷ പരിഗണിച്ച് 21.02.2025-ന് വിജിലൻസ് ഡപ്യൂട്ടി സെക്രട്ടറി കുറ്റാരോപിതനെ നേരിൽ കേൾക്കുകയുണ്ടായി. പ്രതിവാദ പത്രികയിൽ സമർപ്പിച്ച വാദങ്ങൾ തന്നെ ടിയാൻ ഹിയറിംഗ് വേളയിലും ആവർത്തിക്കുകയുണ്ടായി.

9) സർക്കാർ ഈ വിഷയം ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി. കുറ്റാരോപിതൻ സമർപ്പിച്ച പ്രതിവാദ പത്രികയും, ഈ വിഷയവുമായി ബന്ധപ്പെട്ട മറ്റ് രേഖകളും പരിശോധിച്ചതിൽ നിന്നും കുറ്റാരോപിതന്റെ ഭാഗത്ത് നിന്നും വീഴ്ച ഉണ്ടായതായി കാണുന്നതിനാലും, ആയതിനു തൃപ്തികരമായ മറുപടി നല്കാൻ ടിയാന് സാധിച്ചിട്ടില്ലാത്തതിനാലും കുറ്റാരോപിതന്റെ വാദങ്ങൾ പ്രഥമദൃഷ്ട്യാൽ ഉള്ള രേഖകൾ കൊണ്ട് ശരിയെന്നു കാണാൻ കഴിയാത്ത സാഹചര്യത്തിലും, ആരോപണങ്ങൾ സംബന്ധിച്ച് വിശദമായി അന്വേഷിക്കേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ആർ.ടി.ഒ ചെക്ക് പോസ്റ്റിലെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസെക്ടർ ആയിരുന്ന ശ്രീ.അജിത്ത് കുമാർ എൻ-ന് എതിരെ കേരള സിവിൽ സർവ്വീസ് (വിജിലൻസ്

ട്രിബ്യൂണൽ) റൂൾസ് 1960 പ്രകാരം കോഴിക്കോട് വിജിലൻസ് ട്രിബ്യൂണൽ മുഖേന വിശദമായ അന്വേഷണം നടത്തുന്നതിന് ഇതിനാൽ സർക്കാർ ഉത്തരവാകുന്നു.

10) പരാമർശത്തിലെ രേഖകൾ, കോഴിക്കോട് വിജിലൻസ് ട്രിബ്യൂണലിന് ഇതോടൊപ്പം കൈമാറുന്നു. സർക്കാരിന് വേണ്ടി വിജിലൻസ് ട്രിബ്യൂണൽ മുമ്പാകെ ഈ കേസ് നടത്തുന്നതിനായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ലീഗൽ അഡ്വൈസർ/അഡിഷണൽ ലീഗൽ അഡ്വൈസർ-നെ ചുമതലപ്പെടുത്തുന്നു.

11) ഈ വിഷയവുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളും കൃത്യതയോടെ വിജിലൻസ് ട്രൈബ്യൂണൽ മുമ്പാകെ അവതരിപ്പിക്കുന്നതിന് ലീഗൽ അഡ്വൈസർ/അഡീഷണൽ ലീഗൽ അഡ്വൈസർ-ന് ആവശ്യമായ സഹായം വിജിലൻസ് ആന്റ് ആൻഡി കറപ്ഷൻ ബ്യൂറോ ഡയറക്ടർ/ഗതാഗത കമ്മീഷണർ എന്നിവർ നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സ്മിത എസ്

ജോയിന്റ് സെക്രട്ടറി

വിജിലൻസ് ട്രിബ്യൂണൽ, കോഴിക്കോട്

ശ്രീ.അജിത്കുമാർ.എൻ , അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, മഞ്ചേശ്വരം ആർ.ടി.ഒ ചെക്ക് പോസ്റ്റ്,മഞ്ചേശ്വരം, കാസർഗോഡ് (ഗതാഗത കമ്മീഷണർ മുഖാന്തിരം)

ഡയറക്ടർ, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

ലീഗൽ അഡ്വൈസർ/അഡീഷണൽ ലീഗൽ അഡ്വൈസർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

ഗതാഗത വകുപ്പ്
ഗതാഗത കമ്മീഷണർ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Mini T R
Date: 15-07-2025 11:01:32
സെക്ഷൻ ഓഫീസർ

പകർപ്പ്-ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്